പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 550 26.04. 2017 ൽ മറുപടിക്ക്

## ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം

ചോദ്യം

ശ്രീ.എസ്. ശർമ്മ.

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതിയുടെ ദുരുപയോഗം നിയന്ത്രിക്കുന്നതിനും,കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനുമുള്ള "ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ്പ്രോഗ്രാം"(ഡി. ഇ.എൽ.പി) എന്ന കേന്ദ്ര പദ്ധതി അനുസരിച്ച് സംസ്ഥാനത്തിന് എന്തെല്ലാം സഹായങ്ങളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം എന്ന കേന്ദ്ര പദ്ധതിയനുസരിച്ച് സംസ്ഥാനത്തിന് ധന സഹായം ലഭിച്ചിട്ടില്ല. എന്നാൽ നാഷണൽ എൽ.ഇ.ഡി. മിഷൻ പങ്കാളികളായ എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡ് (ഇ.ഇ.എസ്.എൽ) എന്ന കേന്ദ്ര പൊതു മേഖലാ സ്ഥാപനമാണ് പദ്ധതിയ്ക്കാവശ്യമായ എൽ.ഇ.ഡി. ബൾബുകൾ എത്തിച്ചു തരുന്നത്. |
| (ബി) ഇതനുസരിച്ച് ഇതുവരെ നടപ്പാക്കിയ പദ്ധതികളുടെ കാര്യക്ഷമത പരിശോധിച്ചിട്ടുണ്ടോ; | (ബി) പദ്ധതി നടത്തിപ്പിലൂടെ 1.5 കോടി ബൾബുകൾ വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിലൂടെ പ്രതിവർഷം ശരാശരി 445 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ സാധിക്കുമെന്ന് കണക്കാക്കപ്പെടുന്നു. എന്നാൽ പദ്ധതിയുടെ കാര്യക്ഷമത മനസ്സിലാക്കാൻ പ്രത്യേക സംവിധാനങ്ങൾ നിലവിലില്ല. |
| (സി) പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ? | (സി) പ്രസ്തുത പദ്ധതിപ്രകാരം ഇ.ഇ.എസ്.എൽ എത്തിച്ചിട്ടുള്ള ഒരു കോടി ബൾബുകൾ വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 50 ലക്ഷം ബൾബുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ഇ.ഇ.എസ്.എൽ എൽ.ഇ.ഡി. ബൾബുകൾ എത്തിക്കുന്ന മുറയ്ക്ക് വിതരണം പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ